**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **02-08-2021 - ൽ മറുപടിയ്ക്ക്**

**ബേക്കൽ ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബേക്കൽ ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പള്ളിക്കര ബീച്ചിലും സമീപ പ്രദേശങ്ങളിലും നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങളിൽ എത്രയെണ്ണം പൂർത്തീകരിക്കുവാനുണ്ട്; നിർമ്മാണം ആരംഭിച്ച പ്രസ്തുത കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാത്തതെന്തെന്ന് വ്യക്തമാക്കാമോ? | (എ) | ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ആകെ 6 റിസോർട്ട് സൈറ്റുകളിൽ പാട്ടകരാർ വ്യവസ്ഥയിൽ പാട്ടത്തിന് നൽകപ്പെട്ട 5 റിസോർട്ട് സൈറ്റുകളിൽ താജ് ബേക്കൽ റിസോർട്ട് & സ്പാ, ലളിത് റിസോർട്ട് & സ്പാ എന്നീ 2 റിസോർട്ടുകൾ പ്രവർത്തനം ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. മറ്റുള്ള 3 റിസോർട്ട് സൈറ്റുകളിൽ റിസോർട്ട് സൈറ്റ് നം. 2-ൽ ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്, തിരുവനന്തപുരം, റിസോർട്ട് സൈറ്റ് നം. 7 - ൽ ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്, എറണാകുളം എന്നിവ റിസോർട്ട് നിർമ്മാണം ആരംഭിച്ചുവെങ്കിലും പാട്ടകരാറുകാർക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതുമൂലം നിർമ്മാണ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ നിലവിൽ മുടങ്ങി കിടക്കുകയാണ്. റിസോർട്ട് സൈറ്റ് നം. 4 ൽ ആരംഭിച്ച ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയിൻമെന്റ് (പ്രൈവറ്റ്) ലിമിറ്റഡ്, ജാംഷഡ്പൂർ റിസോർട്ട് നിർമ്മാണം ആരംഭിച്ചുവെങ്കിലും മുടങ്ങിയിരുന്നു. ഇപ്പോൾ ഈ സ്ഥാപനം പാട്ടകുടിശ്ശിക കോർപ്പറേഷന് നൽകി നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിസോർട്ട് സൈറ്റ് നം. 1 – മുമ്പ് ടെണ്ടർ ചെയ്ത് പാട്ടത്തിന് നൽകിയിരുന്നുവെങ്കിലും നിലവിലെ തീരദേശ പരിപാലന നിയമ വ്യവസ്ഥകൾ പ്രകാരം നിർമ്മാണ പ്രവർത്തികൾ നടത്തുവാനുള്ള സ്ഥലം പരിമിതമായതിനാൽ പാട്ട കരാറുകാരൻ ഭൂമി തിരികെ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ